# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.

Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com

പ്രസിദ്ധീകരണത്തിന് ;

തിരുവനന്തപുരം, 16-01-2015

# ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ

## അധ്യാപക സംഘടനകളുമായി ചർച്ചക്ക് സർക്കാർ തയ്യാറാകണം.

**-കെ എസ് ടി എ**

അധ്യാപക നിയമനം സംബന്ധിച്ച് 2011 ൽ കേരള സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് ഹൈക്കോടതി റദ്ദാക്കിയ സാഹചര്യത്തിൽ സർക്കാർ അടിയന്തിരമായി അധ്യാപകസംഘടനകളുമായി ചർച്ചചെയ്ത് പുതിയ ഉത്തരവ് ഇറക്കണമെന്ന് കെ എസ് ടി എ സംസ്ഥാനകമ്മിറ്റി ആവശ്യപ്പെട്ടു.

അധ്യാപകബാങ്ക് സംബന്ധിച്ച ഉത്തരവ് 2011 ലാണ് സർക്കാർ പുറപ്പെടുവിച്ചത്. സർവ്വീസിൽ നിന്നും പുറത്തായവരെയും 2006 മുതൽ നിയമിച്ച് അംഗീകാരം ലഭിക്കാതിരുന്ന 3389 അധ്യാപകരെയും ശാസ്ത്രീയമായി പുനർവിന്യസിക്കാനാണ് അധ്യാപകബാങ്ക് രൂപീകരിക്കുന്നത് എന്നാണ് സർക്കാർ അവകാശപ്പെട്ടിരുന്നത്. എന്നാൽ അധ്യാപക ബാങ്കിന് യാതൊരുസാധുകയുമില്ലെന്ന് ഇപ്പോൾ കോടതി വിധിച്ചിരിക്കുന്നു. വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ അധ്യാപക വിദ്യാർത്ഥി അനുപാതം 1:45 ആയി കോടതി വിധിപ്രകാരം നിലനിൽക്കില്ല. അതുകൊണ്ട് അധ്യാപക വിദ്യാർത്ഥി അനുപാതം 1:30/1:35 ആയി കുറക്കാൻ സർക്കാർ തയ്യാറാകണം. എയ്ഡഡ് സ്കൂളുകളിൽ അധിമുണ്ടാകുന്ന തസ്തികയിൽ തസ്തിക നഷ്ടപ്പെട്ടവരെ നിയമിക്കണം. സർക്കാർ സ്കൂളുകളിൽ പി എസ് സി വഴി നിയമനം നടത്തണം.

ഇക്കാര്യത്തിൽ അധ്യാപക സംഘടനകളെ വിശ്വാസത്തിലെടുത്ത് ചർച്ചചെയ്യാൻ സർക്കാർ തയ്യാറാകണമെന്ന് കെ എസ് ടി എ ജനറൽ സെക്രട്ടറി ഏ കെ ഉണ്ണികൃഷ്ണൻ ആവശ്യപ്പെട്ടു.

**ഏ കെ ഉണ്ണികൃഷ്ണൻ**

ജനറൽ സെക്രട്ടറി

KSTA State Centre